ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിവേദനം കുറ്റാന്വേഷണ വിഭാഗം പോലീസ് ഇൻസ്പെക്ടർ ജനറലിന് അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയച്ചു കൊടുത്തിരിക്കുകയാണ്.

പോലീസ് കോൺസ്റ്റബിൾമാരുടെ "ഡേ ഓഫ്"

1198. [1634] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ നിലവിലുള്ള നിയമം അനുസരിച്ച് ആറു ദിവസം ജോലി ചെയ്യുന്ന ഒരു കോൺസ്റ്റബിളിന് ഏഴാം ദിവസം ഡേ ഓഫ് അനുവദിക്കാറുണ്ടോ;

(ബി) പ്രത്യേക സാഹചര്യങ്ങളിൽ ഈ ഡേ ഓഫ് ജോലിക്ക് വരുകയാണെങ്കിൽ അവർക്ക് ഇപ്പോഴും നൽകുന്ന പത്ത് രൂപാ അലവൻസ് അടിസ്ഥാന ശമ്പളത്തിൽ ചേർത്തു നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് പ്രത്യേക അലവൻസുകൾ അടിസ്ഥാന ശമ്പളത്തിൽ ചേർക്കുവാൻ നിർവാഹം ഇല്ല.

ക്രൈം ബ്രാഞ്ച് വിഭാഗം ടി. എ. ഇനത്തിൽ ചെലവാക്കിയ തുക

1199. [1635] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പോലീസിന്റെ ക്രൈം ബ്രാഞ്ച് വിഭാഗം ടി. എ. ഇനത്തിൽ 1984-85 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ചെലവാക്കി;

(ബി) ഇതിൽ എക്സിക്യൂട്ടീവ് വിഭാഗത്തിനെത്ര; മിനിസ്റ്റീരിയൽ വിഭാഗത്തിനെത്ര;

(സി) ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ പോലീസ് ഉദ്യോഗസ്ഥൻമാർ അനധികൃതമായി ടി. എ. എഴുതി വാങ്ങുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു തടയുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 15,99,961 രൂപ 90 പൈസ.

(ബി) എക്സിക്യൂട്ടീവ് വിഭാഗത്തിന് ചെലവായ തുക 15,15,424.90 മിനിസ്റ്റീരിയൽ വിഭാഗത്തിന് ചെലവായ തുക 84,537 രൂപ.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly